പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ 16-12-2015 ൽ മറുപടിക്ക്

ചോദ്യം നമ്പർ. 3384

കർഷകർക്ക് അഗ്രികാർഡ്

ചോദ്യം

ശ്രീ.ഇ.പി. ജയരാജൻ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കർഷകർക്ക് അഗ്രികാർഡ് നൽകുവാനുള്ള പദ്ധതിയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ)&(ബി) | കർഷകരജിസ്ട്രേഷന്റെ രണ്ടാംഘട്ടത്തിനു വേണ്ടി അപേക്ഷകൾ സ്വീകരിക്കുന്നതിന് നിശ്ചയിച്ചിരുന്ന അവസാന തീയതിയായ 17.08.2013 (ചിങ്ങം1)വരെ 18.7 ലക്ഷം കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് അതിൽ 10.12.2015 വരെ 17.58 ലക്ഷം കർഷകരുടെ ഓൺലൈൻ ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടരുന്നു. |
| (ബി) രജിസ്റ്റർ ചെയ്ത കർഷകർക്ക് അഗ്രികാർഡ് വിതരണം ചെയ്യുകയുണ്ടായോ; | | 09.05.2014 ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 854/2014/AD പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കാനറാ ബാങ്കിനെ തിരഞ്ഞെടുത്തു. കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകർക്കും 2014-15 സാമ്പത്തിക വർഷത്തിലെ കർഷക ദിനമായ ചിങ്ങം 1 ന് മുമ്പ് അഗ്രികാർഡുകൾ വിതരണം ചെയ്യുവാനായി കാനറാ ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ഉദ്ഘാടന ദിവസമായ 04.03.2014 ന് 6 കർഷകർക്ക് മാത്രമേ അഗ്രികാർഡ് വിതരണം ചെയ്തിട്ടുള്ളൂ. അതിനുശേഷം കാനറാ ബാങ്ക് അഗ്രികാർഡ് വിതരണം ചെയ്തിട്ടില്ല.<br>തുടർന്ന് 13.08.2015 ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1389/2015/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കേരളാ ഗ്രാമീൺബാങ്കിനെ തിരഞ്ഞെടുത്തു. കേരളാ ഗ്രാമീൺ ബാങ്ക് മുഖേന 256 അഗ്രികാർഡുകൾ വിതരണം ചെയ്തതിട്ടുണ്ട്. |

| | |
|---|---|
| (സി) അഗ്രികാർഡ് രജിസ്ട്രേഷനായി ഓരോ കർഷകനിൽ നിന്നും എത്ര രൂപ വീതം ഈടാക്കിയിട്ടുണ്ട്; | (സി) കർഷകർക്ക് തികച്ചും സൗജന്യമായാണ് അഗ്രികാർഡ് നൽകുന്നത്. |
| (ഡി) അഗ്രികാർഡുള്ള കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ? | (ഡി) കാർഡുകൾ അടിസ്ഥാനരേഖയാക്കി താഴെപറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.<br>കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റുസഹായങ്ങളും<br>ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ ( Crop Loan)<br>7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല - ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ